**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിൽ പ്രൊട്ടക്റ്റീവ് സ്റ്റാഫിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പ്രൊട്ടക്റ്റീവ് സ്റ്റാഫിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫ് ഇല്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2002 മുതൽ 2022 വരെയുള്ള കാലയളവിൽ വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് പശ്ചാത്തല സൗകര്യങ്ങളും കൂടുതൽ വനസംരക്ഷണ ജീവനക്കാരെയും അനുവദിച്ചുവെങ്കിലും, മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | കഴിഞ്ഞ 20 വർഷക്കാലത്ത് വനം വകുപ്പിലുണ്ടായ പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റേയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും വർദ്ധനവ് ശതമാനക്കണക്കിൽ വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ 20 വർഷക്കാലയളവിനിടയിൽ, മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ എണ്ണത്തിൽ 2.4% കുറവും, പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ എണ്ണത്തിൽ 29.8% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (ഡി) | പ്രൊട്ടക്റ്റീവ് സ്റ്റാഫിന് ആനുപാതികമായി മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ